**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് – പുതിയ സ്വാശ്രയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(കൈ) നമ്പർ.178/2016/ഉ.വി.വ. തീയതി, തിരുവനന്തപുരം, 22/08/2016

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയ സ്വാശ്രയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുകയും ചുവടെ പറയും പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു ഉത്തരവാകുകയും ചെയ്യുന്നു.

1. സംസ്ഥാനത്ത് അൺ എയ്ഡഡ് സെൽഫ് ഫൈനാൻസ് മേഖലയിൽ പുതിയ കോളേജുകൾ തുടങ്ങാൻ അനുമതി നൽകുന്നതല്ല.

2. ഗവൺമെൻറ്/എയ്ഡഡ് കോളേജുകളിൽ അധിക തസ്തിക സൃഷ്ടിക്കാതെ, നിലവിലുള്ള അദ്ധ്യാപകരെ ഉപയോഗിച്ചും, നിലവിലുള്ള ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിയും പുതിയ കോഴ്സുകൾ തുടങ്ങാൻ കഴിയുമെങ്കിൽ, അത്തരം അപേക്ഷകൾ പരിഗണിക്കുന്നതാണ്.

3. എയ്ഡഡ് കോളേജുകളിൽ പുതിയ അൺ എയ്ഡഡ്, സ്വാശ്രയ കോഴ്സുകൾ അനുവദിച്ചു നൽകുന്നതല്ല.

4. നിലവിലുള്ള അൺ എയ്ഡഡ്/സെൽഫ് ഫൈനാൻസ് കോളേജുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷം ആരംഭിച്ച് ആദ്യ വർഷം പൂർത്തീകരിച്ചവയ്ക്ക് അടുത്ത അദ്ധ്യയന വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകാൻ നടപടി കൈക്കൊള്ളുന്നതാണ്.

5. ഈ അദ്ധ്യയന വർഷം ഡിഗ്രി പ്രവേശനം ലഭിക്കാതെ വിദ്യാർത്ഥികൾ പ്രയാസപ്പെടുന്ന വസ്തുത ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള അൺ എയ്ഡഡ്-സ്വാശ്രയ കോളേജുകളിൽ, ആവശ്യമുള്ള പക്ഷം, 2015-16 അദ്ധ്യയന വർഷം സർവ്വകലാശാലകൾ ശുപാർശ ചെയ്ത കോഴ്സുകൾക്കു മാത്രം അനുമതി നൽകുന്നതു സംബന്ധിച്ച കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എ. ഷാജഹാൻ

ഗവൺമെൻറ് സെക്രട്ടറി.

സ്വീകർത്താവ്

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം (കത്ത് സഹിതം)

ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്,

കൊല്ലം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം

രജിസ്ട്രാർ,

കേരള/കോഴിക്കോട്/എം.ജി./കണ്ണൂർ/കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല/ശ്രീ ശങ്കരാചാര്യ സംസ്കൃത/തുഞ്ചത്തെഴുത്തച്ചൻ മലയാള സർവ്വകലാശാല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് ഓഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതി ന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഉന്നത വിദ്യാഭ്യാസ (സി), (ഡി), (എഫ്) വകുപ്പുകൾക്ക്

ഉത്തരവിൻപ്രകാരം,
ഒപ്പ്
സെക്ഷൻ ഓഫീസർ

## <u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

പുറത്തെഴുത്ത് നം.6132/എ1/2016/അക്കാദമിക്

19.11.2016

05.11.2016-ൽ കൂടിയ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ്, 168/16.09/162171-ാം നമ്പർ തീരുമാന പ്രകാരം, മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് (സ.ഉ.(കൈ) നമ്പർ.178/2016/ഉ.വി.വ. തീയതി 22/08/2016) സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിയ്ക്കുന്നു.

ഇതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
കോമളവല്ലി കെ.
ഡെപ്യൂട്ടി രജിസ്ട്രാർ I (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
2. ഡെപ്യൂട്ടി സെക്രട്ടറി. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോട്ടയം, എറണാകുളം
4. വി.സി./പി.വി.സി.യുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസറുടെ പ്രൈവറ്റ് അസിസ്റ്റന്റ്മാർക്ക്
6. പി.ആർ.ഒ./ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക്
7. എസി.എ 7/എസി.എ 8/എസി.സി./കണ്ടെന്റ് മനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി/പി.ആർ.ഒ./അന്വേഷണ വിഭാഗം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി/റെക്കാർഡ്സ് സെക്ഷൻ

ഫയൽ നം. എസി.എ1 /1/461/2016

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ